2025 SEPTEMBER
30
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## അതിജീവനത്തിന്റെ നേർക്കാഴ്ചയായി ഹാർട്ട് കെയർ ഫൗണ്ടേഷൻ ലിസി 'ഹൃദയസംഗമം'

**കൊച്ചി:** ആശങ്കയുടെ നാളുകൾ അതിജീവിച്ച് ജീവിതത്തിലേക്ക് തിരികെയെത്തിയ ഹൃദയങ്ങൾ ഒരേ വേദിയിൽ സംഗമിച്ചു. തങ്ങളെ ജീവിതത്തിലേക്ക് തിരികെനടത്തിയ ഡോക്ടർമാരെയും താങ്ങായി നിന്ന കുടുംബാംഗങ്ങളെയും സാക്ഷിയാക്കി അവർ അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ, ലിസി ഹോസ്പിറ്റലും ഹാർട്ട് കെയർ ഫൗണ്ടേഷനും സംയുക്തമായി നടത്തിയ 'ഹൃദയ സംഗമം' സ്നേഹത്തിന്റെയും അതിജീവനത്തിന്റെയും അവിസ്മരണീയ ഒത്തുചേരലായി. ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രി ഓഡിറ്റോറിയത്തിൽ നടന്ന സംഗമം സൗത്ത് ഇന്ത്യൻ ബാങ്ക് സ്വതന്ത്ര ഡയറക്ടർ വി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ രംഗത്തുണ്ടായ വളർച്ച ആയുർദൈർഘ്യം ഗണ്യമായി വർധിപ്പിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. 60 വയസ്സ് കഴിഞ്ഞാൽ വാർധക്യമായി കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് 80 വയസ്സ് കഴിഞ്ഞവരും ചെറുപ്പക്കാരെപ്പോലെ ആരോഗ്യത്തോടെ ജീവിക്കുന്നത്. ഇത് മെഡിക്കൽ രംഗത്തെ വലിയ മാറ്റത്തിന്റെ സൂചനയാണെന്നും



അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിന്റെ ഭാഗമായി, ഹൃദ്രോഗ ചികിത്സാ രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് ഹാർട്ട് കെയർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഈ വർഷത്തെ വൊക്കേഷണൽ എക്സലൻസ് പുരസ്കാരം പ്രമുഖ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റായ ഡോ. മുല്ലശ്ശേരി അജിത് ശങ്കർദാസിന് വി.ജെ. കുര്യൻ സമ്മാനിച്ചു.
ലിസി ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഡോ. പോൾ കരേടൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹാർട്ട് കെയർ ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഹാർട്ട് കെയർ ഫൗണ്ടേഷൻ ട്രസ്റ്റി ഡോ. ജേക്കബ് എബ്രഹാം, സെക്രട്ടറി രാജു കണ്ണമ്പുഴ, കൊച്ചി റോട്ടറി ക്ലബ് പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ്, മെഡിക്കൽ പാനൽ ചെയർമാൻ ഡോ. റോണി മാത്യു കടവിൽ എന്നിവർ സംസാരിച്ചു. സംഗമത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും വിദഗ്ദ്ധരുമായുള്ള സംവാദവും നടന്നു. ഹൃദയാരോഗ്യം സംബന്ധിച്ച ആശങ്കകൾക്ക് വിദഗ്ദ്ധ ഡോക്ടർമാർ മറുപടി നൽകി.




## സമുദ്ര മത്സ്യമേഖലയിൽ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനം ഉടൻ

**കൊച്ചി:** സമുദ്ര മത്സ്യബന്ധനം നിരീക്ഷക്കുന്നതിനും മീൻപിടുത്ത വിവര ശേഖരണത്തിനുമായി യാനങ്ങളിൽ ഇലക്ട്രോണിക് സംവിധാനം ഉടൻ കൊണ്ടുവരുമെന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറി അഭിലാക്ഷ് ലിഖി. മത്സ്യബന്ധന വിവരശേഖരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ നീക്കം. കൊച്ചിയിൽ ഇന്ത്യൻ ഓഷ്യൻ ട്യൂണ കമ്മീഷനും (ഐ.ഒ.ടി.സി) ഫിഷറി സർവേ ഓഫ് ഇന്ത്യയും (എഫ്.എസ്.ഐ) സംഘടിപ്പിച്ച അഞ്ച് ദിവസത്തെ രാജ്യാന്തര ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയയായിരുന്നു അദ്ദേഹം. വിവിധ യാനങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ശാസ്ത്രീയ വിവര ശേഖരണവും മാനേജ്മെന്റ് രീതികളും മെച്ചപ്പെടുത്തുകയാണ് ഈ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. ഫിഷറീസ് മന്ത്രാലയത്തിന് കീഴിലുള്ള എഫ്.എസ്.ഐ യാണ് ഇത് വികസിപ്പിക്കുന്നത്. ശാസ്ത്രീയ പിന്തുണയുള്ള വിശ്വസനീയമായ ഡേറ്റയാണ് മത്സ്യമേഖലയുമായി ബന്ധപ്പെട്ടുള്ള അന്താരാഷ്ട്ര വ്യാപാര രംഗത്തെ വെല്ലുവിളികൾക്കെതിരെ ഇന്ത്യയുടെ ഏറ്റവും വലിയ പ്രതിരോധമെന്ന് സെക്രട്ടറി പറഞ്ഞു.

അന്താരാഷ്ട്ര വിപണികളിലേക്കുള്ള പ്രവേശനം, കയറ്റുമതി വിപണികളിൽ അർഹമായ പരിരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുള്ള 'പാസ്പാർട്ടാണ്' ഈ ശാസത്രീയ ഡേറ്റ. .ഇന്ത്യൻ മഹാസമുദ്രത്തിൽ ചൂര, ചൂര പോലുള്ള മത്സ്യയിനങ്ങൾ, ഉപരിതല സ്രാവുകൾ എന്നിവയുടെ മാനേജ്മെന്റ് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന രാജ്യാന്തര ഏജൻസിയാണ് ഐ.ഒ.ടി.സി. ഈ മൽസ്യയിനങ്ങൾ രാജ്യാതിർത്തികൾ ഭേദിച്ച് സഞ്ചരിക്കുന്നതിനാൽ വിവിധ രാജ്യങ്ങളുടെ സഹകരണത്തോടെ രാജ്യാന്തര തലത്തിൽ മാനേജ്മെന്റ് രീതികൾ ആവശ്യമാണ്. ഇക്കാര്യത്തിൽ മറ്റു രാജ്യങ്ങളുമായി കൈകോർക്കാൻ ഇന്ത്യ തയ്യാറാണെന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറി പറഞ്ഞു.

ചൂര മത്സ്യബന്ധനത്തിനുള്ള ആഗോള ക്വാട്ട സംവിധാന പുനർ നിശ്ചയിക്കണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങൾക്ക് ഉയർന്നതും പക്ഷപാതരഹിതവുമായ ക്വാട്ട ഉറപ്പാക്കുന്നതിന് ഈ സംവിധാനം പരിഷ്കരിക്കേണ്ടതുണ്ട്. ട്യൂണ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് കോൾഡ് ചെയിൻ സംവിധാനം കൊണ്ടുവരണം. ട്യൂണയുടെ ഗുണനിലവാരം സംരക്ഷിക്കാനും, കേടുപാടില്ലാതെ സൂക്ഷിക്കാനും ആഗോള വിപണിയിൽ ഇന്ത്യൻ ട്യൂണയുടെ ആവശ്യകത വർധിപ്പിക്കാനും ഈ സംവിധാനം ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ജപ്പാൻ, ഫ്രാൻസ്, തായ്ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണാഫ്രിക്ക എന്നിവയുൾപ്പെടെ 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഇന്ത്യയിലെ വിവിധ തീരദേശ സംസ്ഥാനങ്ങളിൽ നിന്നുള്ള 18 ഫിഷറീസ് ഉദ്യോഗസ്ഥരുമാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്. ഐ.ഒ.ടി.സി സെക്രട്ടേറിയറ്റ് അംഗം ലോറൻ നെൽസൺ, സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) മേധാവി ഡോ ആർ. എസ് മഹേഷ്കുമാർ, എ.ഫ്.എസ്.ഐ ഡയറക്ടർ ജനറൽ ഡോ. കെ. ആർ ശ്രീനാഥ്, നിഫാറ്റ് ഡയറക്ടർ ഡോ ഷൈൻ കുമാർ സി എസ്, സിഫ്നറ്റ് ഡയറക്ടർ ഡോ. എം ഹബീബുള്ള, എഫ്.എസ്.ഐ സോണൽ ഡയറക്ടർ ഡോ. സിജോ വർഗീസ് എന്നിവർ സംസാരിച്ചു.




## വിസ മാനദണ്ഡത്തിൽ വൻ മാറ്റവുമായി യുഎഇ

**ദുബായ്:** യുഎഇയിലേക്ക് സന്ദർശകരെ സ്പോൺസർ ചെയ്യുന്ന പ്രവാസികൾക്കുള്ള സാമ്പത്തിക മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ് ആൻഡ് പോർട്ട് സെക്യൂരിറ്റി (ഐസിപി). സന്ദർശക വീസ നിയമങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് യുഎഇ നിവാസികൾക്ക് ബന്ധുക്കളെയും സുഹൃത്തുക്കളെയും കൊണ്ടുവരുന്നതിന് മാസ വരുമാന പരിധി നിശ്ചയിച്ചത്.

പുതിയ നിയമപ്രകാരം, ഒരാൾക്ക് അടുത്ത ബന്ധുക്കളെ യുഎഇയിലേക്ക് സ്പോൺസർ ചെയ്യണമെങ്കിൽ മാസം കുറഞ്ഞത് 4,000 ദിർഹം ശമ്പളം ഉണ്ടായിരിക്കണം. എന്നാൽ, വെല്ലുവിളി ഉയർത്തുന്നത് അടുത്ത ബന്ധുക്കളല്ലാത്തവരെ കൊണ്ടുവരുമ്പോളാണ്. രണ്ടാം തലത്തിലോ മൂന്നാം തലത്തിലോ ഉള്ള ബന്ധുക്കളെ സ്പോൺസർ ചെയ്യണമെങ്കിൽ പ്രവാസിയുടെ മാസവരുമാനം 8,000 ദിർഹത്തിൽ കുറയാൻ പാടില്ല. ഇതിലും ഉയർന്ന ശമ്പളമാണ് സുഹൃത്തുക്കളെ സ്പോൺസർ ചെയ്യാൻ വേണ്ടത്; അവർക്ക് കുറഞ്ഞത് 15,000 ദിർഹം മാസശമ്പളം നിർബന്ധമാണ്.

സുതാര്യത ഉറപ്പുവരുത്തുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ മാറ്റങ്ങൾ വരുത്തിയതെന്നാണ് ഐസിപിയുടെ വിശദീകരണം. വീസകളുടെ കാലാവധി, പുതിയ നാല് വിസ വിഭാഗങ്ങളുടെ അവതരണം എന്നിവ ഉൾപ്പെടെയുള്ള മറ്റ് നിയമ പരിഷ്കാരങ്ങൾക്കൊപ്പം സ്പോൺസർഷിപ്പ് നിയമങ്ങളിലെ ഈ ശമ്പള പരിധി പ്രവാസി സമൂഹത്തിൽ വലിയ ചർച്ചയായിട്ടുണ്ട്.

കൂടാതെ, എൻജിനീയറിങ്, എഐ, വിനോദം തുടങ്ങിയ മേഖലകളിലെ വിദഗ്ധർക്കായി പുതിയ വിസകൾ, വിധവകൾക്കും വിവാഹമോചിതർക്കും സ്പോൺസറില്ലാതെ താമസാനുമതി എന്നിവയും പുതിയ നിയമങ്ങളുടെ ഭാഗമായി യുഎഇ പ്രഖ്യാപിച്ചിട്ടുണ്ട്.

## ഈ വർഷത്തെ പൾസ് പോളിയോ പ്രതിരോധ യജ്ഞം ഒക്ടോബർ 12 ന്

**കൊച്ചി:** ഈ വർഷത്തെ പൾസ് പോളിയോ പ്രതിരോധ യജ്ഞം വിജയിപ്പിക്കാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. കാക്കനാട് സിവിൽ സ്റ്റേഷൻ ട്രെയിനിങ് ഹാളിൽ ചേർന്ന ആരോഗ്യ വകുപ്പിലെ വിവിധ സമിതികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

ഒക്ടോബർ 12 നാണ് ഈ വർഷത്തെ പൾസ് പോളിയോ പ്രതിരോധ യജ്ഞം. ജില്ലയിൽ അഞ്ചു വയസ്സിന് താഴെയുള്ള 1,89,307 കുട്ടികൾക്കാണ് പൾസ് പോളിയോ ദിനത്തിൽ പോളിയോ തുള്ളി മരുന്ന് നൽകുന്നത്.

ഇതിനായി 1947 ബൂത്തുകളാണ് സജ്ജീകരിക്കുന്നത്. സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, അങ്കണവാടികൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 1940 ബൂത്തുകൾ പ്രവർത്തിക്കും. കൂടാതെ ബസ് സ്റ്റാൻഡുകൾ, റെയിൽവേസ്റ്റേഷനുകൾ, ബോട്ട് ജെട്ടികൾ, എയർപോർട്ട് എന്നിവിടങ്ങളിലായി 40 കേന്ദ്രങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകളും ക്രമീകരിക്കും.

ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും, കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുന്നതിനായി 64 മൊബൈൽ ടീമുകളെ സജ്ജമാക്കും.

പൾസ് പോളിയോ ദിനത്തിൽ അഞ്ചു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളെയും തൊട്ടടുത്തുള്ള ബൂത്തിലെത്തിച്ച് ഒരു ഡോസ് തുള്ളി മരുന്ന് നൽകണം. ഏതെങ്കിലും കാരണവശാൽ ഒക്ടോബർ 12 ന് തുള്ളി മരുന്ന് നല്കാൻ സാധിക്കാത്തവർക്ക് ആരോഗ്യ പ്രവർത്തകർ അടുത്ത രണ്ടു ദിവസങ്ങളിൽ വീടുകളിലെത്തി വാക്സിൻ നൽകുന്നതായിരിക്കും.



# സാമൂഹിക പ്രതിബദ്ധതയാണ് സാനുമാഷിന്റെ മുഖമുദ്ര: പി. എസ് ശ്രീകല

**കൊച്ചി:** സാനു മാഷിന്റെ സാമൂഹ്യ പ്രതിബദ്ധതയാണ് പൊതുവിടങ്ങളിൽ അദ്ദേഹത്തിന് കൂടുതൽ താൽപര്യം ഉളവാക്കിയിരുന്നതെന്ന് കേരള നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ പി. എസ്. ശ്രീകല അഭിപ്രായപ്പെട്ടു. എവിടെയും യാത്ര ചെയ്തു പ്രസംഗിക്കുവാൻ അദ്ദേഹത്തിന്റെ അവസന നാളുകളിൽ പോലും തയ്യാറായിരുന്നു. രാഷ്ട്രീയക്കാരനായി അറിയപ്പെടാനല്ല, ഒരു എഴുത്തുകാരൻ ആയിട്ടാണ് താൽപര്യം ഉണ്ടായിരുന്നത്. ആരെയും വേദനിപ്പിക്കുന്ന തരത്തിൽ വിമർശിക്കുവാനോ സംസാരിക്കുവാനോ മാഷ് തയ്യാറായിരുന്നില്ല. മാനുഷികതയ്ക്കാണ് പ്രാധാന്യം നൽകിയിരുന്നത്. മനുഷ്യത്വം ഇല്ലെങ്കിൽ മനുഷ്യൻ അല്ല എന്ന ശ്രീനാരായണഗുരുവിന്റെ ദർശനത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് സാനു മാഷ്. സാനു മാഷ് ഏവർക്കും വിസ്മയമായിരുന്നുവെന്ന് ശ്രീകല ചൂണ്ടികാട്ടി.

ചാവറ കൾച്ചറൽ സെന്ററും ലളിതാംബിക അന്തർജനം സാഹിത്യ വേദിയും സംഘടിപ്പിച്ച നിത്യ വിസ്മയം സാനു, മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ശ്രീകല. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ അധ്യക്ഷത വഹിച്ചു. തനൂജ ഭട്ടതിരി, ജയശ്രീ ശങ്കർ, ഫൗസിയ കളപ്പാട്ട്, രഞ്ജിത്ത് സാനു, അനാമിക സജീവ്, സിന്ധു സൂസൻ വർഗീസ്, ഡോ. രേണു പുത്തൂർ, കെ. സരസ്വതിയമ്മ, നിജു ആൻ ഫിലിപ്പ്, സീജ ജിതേഷ് മീരബെൻ എന്നിവർ പ്രസംഗിച്ചു.

## സംസ്കൃത സർവ്വകലാശാലയിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ യു.ജി.സി. പരീക്ഷാപരിശീലനം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെയും മറ്റു സർക്കാർ, എയ്ഡഡ് കോളേജുകളിലെയും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ സഹകരണത്തോടെ യു. ജി. സി/സി. എസ്. ഐ. ആർ ജെ. ആർ. എഫ്./നെറ്റ് പരീക്ഷകൾക്കായി പരിശീലനം നൽകുന്നു. ജനറൽ പേപ്പർ ഒന്നിന് 12 ദിവസത്തെ പരിശീലനം ഓഫ് ലൈനായി ശനി, ഞായർ, മറ്റു അവധി ദിവസങ്ങളിലായാണ് സംഘടിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലയിലെ ഈക്വൽ ഓപ്പർച്ച്യൂണിറ്റി സെല്ലും കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലും ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. പി.ജി പഠനം നടത്തുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾ ഉൾപ്പടെ എല്ലാ ന്യൂനപക്ഷ പി.ജി വിദ്യാർത്ഥികൾക്കും പഠനം പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം.

പ്രവേശനം ന്യൂനപക്ഷ ക്രിസ്ത്യൻ, മുസ്ലീം, സിഖ്, ബുദ്ധിസ്റ്റ്, ജൈന, പാഴ്സി എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം. ന്യൂനപക്ഷ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന. എ.പി.എൽ. വിഭാഗത്തിൽ 8 ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട ഗൂഗിൾഫോം ലിങ്ക്: https://forms.gle/BG-9Puf7JflWGB7N79. ഫോൺ : 9048969806.

## കുസാറ്റ്: ഔഷധ ഗവേഷണത്തിൽ അധ്യാപക പരിശീലനം നടത്തി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗം ഇന്ത്യയിലെ ഔഷധ ഗവേഷണം എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ അധ്യാപക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇന്ത്യയിലെ ഔഷധ കണ്ടെത്തലിലും വികസനത്തിലും ഉണ്ടായിട്ടുള്ള പുതിയ മുന്നേറ്റങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ സമൃദ്ധമായ ജൈവ,വൈവിധ്യം ഔഷധ ഗവേഷണത്തിന് വൻ സാധ്യതകൾ തുറക്കുമെന്ന് അദ്ദേഹം പറഞ്ഞു. കൃത്രിമ ഔഷധം, ജൈവ ഔഷധം, ആന്റിബോഡി എൻജിനീയറിങ്, എക്സോസോം ഗവേഷണം, ഇമ്മ്യൂണോ തെറാപ്പി, പരമ്പരാഗത വൈദ്യശാസ്ത്രത്തെ ആസ്പദമാക്കിയ ഔഷധ ഗവേഷണം തുടങ്ങിയ മേഖലകളിലെ പുതിയ പുരോഗതികളെകുറിച്ച് ചർച്ച നടത്തി. ബയോടെക്നോളജി വിഭാഗം മേധാവി ഡോ.എ. പാർവതി, സീനിയർ പ്രൊഫസർ ഡോ. സരിത ജി. ഭട്ട്, കൺവീനർ ഡോ. ജോമോൻ സെബാസ്റ്റ്യൻ, മുൻനിര ശാസ്ത്രജ്ഞർ, അധ്യാപകർ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുത്തു.



# കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന് പ്രവാസി പ്രൊഫഷണലുകളുടെ പിന്തുണ അനിവാര്യമെന്ന് മുഖ്യമന്ത്രി

**കൊച്ചി:** വൈജ്ഞാനിക സമൂഹമായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ആഗോള പിന്തുണ ഉറപ്പാക്കാൻ പ്രവാസി പ്രൊഫഷണലുകളുമായുള്ള സഹകരണം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി ഗ്രാൻഡ് ഹയാത്തിൽ നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

അക്കാദമിക് വിദഗ്ധരും സംരംഭകരുമുള്ള നാടാണ് കേരളം. അവരുടെ കഴിവുകൾ നാടിന്റെ ഉത്കർഷത്തിനായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ് സംഘടിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ ലോക കേരളസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു പ്രൊഫഷണൽ മീറ്റ് സംഘടിപ്പിക്കുക എന്നത്. ലോക കേരളസഭയെ സംശയത്തോടെ കണ്ടവർക്ക് മറുപടി നൽകിയത് ക്രിയാത്മകമായ ഇടപെടലുകളിലൂടെയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

പ്രവാസി പ്രൊഫഷണലുകളും സംസ്ഥാന സർക്കാരുമായുള്ള സഹകരണം ഉറപ്പാക്കുക, ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുക, കേരളത്തിന്റെ മുന്നേറ്റങ്ങളെ അന്താരാഷ്ട്ര തലത്തിൽ അവതരിപ്പിക്കുന്ന ബ്രാൻഡ് അംബാസഡർമാരായി പ്രവാസി പ്രോഫഷണലുകളെ ഉപയോഗിക്കുക എന്നിവയാണ് മീറ്റിന്റെ സുപ്രധാന ലക്ഷ്യങ്ങൾ.

അക്കാദമിക് രംഗത്തെ അറിവുകൾ കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനും ജനോപകാരപ്രദമായി ഉപയോഗിക്കുന്നതിനുമാണ് ട്രാൻസലേഷണൽ റിസർച്ച് ലൈബ്രറി സ്ഥാപിക്കുന്നത്. ആരോഗ്യരംഗത്ത് രാജ്യത്തിന് തന്നെ മാതൃകയായ നിരവധി നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച സംസ്ഥാനമാണ് കേരളം. ആ നേട്ടങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് പുതുതലമുറയുടെ ആരോഗ്യപ്രശ്നങ്ങളെ നേരിടുന്നതിനുള്ള നടപടികളുമായാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്.

80,827 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ്, ലബോറട്ടറി എന്നിവ പൂർത്തീകരിക്കുകയും പ്രവർത്തനസജ്ജമാക്കുകയും ചെയ്തു. മെഡിക്കൽ ടെക്നോളജി നിക്ഷേപങ്ങൾക്കായി മെഡിക്കൽ കൺസോർഷ്യം രൂപീകരിച്ചു. ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന നിക്ഷേപ സംഗമത്തിൽ മെഡിക്കൽ ടെക്നോളജി രംഗത്ത് വലിയ നിക്ഷേപം ആകർഷിച്ചു.

ഇലക്ട്രിക് വാഹന രൂപകൽപനയിലും മൈക്രോചിപ്പ് രൂപകൽപനയിലും മികവാർന്ന പ്രവർത്തനം നടന്നു വരികയാണ്. നൂതന സാമഗ്രികളുടെ വ്യവസായത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുക എന്ന കാഴ്ചപ്പാടോടെ ഗ്രഫീൻ ഇന്ത്യ ഇന്നവേഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസം നൈപുണ്യ വികാസത്തിനുള്ള ഉപാധിയാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്. അത് സ്കൂൾ തലം മുതൽ കോളേജ് തലം വരെ വിപുലമായ രീതിയിലാണ് നടപ്പാക്കുന്നത്.

സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ അടക്കം സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ വ്യാവസായിക ഉൽപാദന മേഖലയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കണക്ട് കരിയർ ടു ക്യാമ്പസ്, യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരികയാണ്. ഇതിനുപുറമെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും സ്ഥാപിച്ചു വരുന്നു.

മന്ത്രിമാരായ പി. രാജീവ്, വീണാ ജോർജ്, വി. ശിവൻകുട്ടി, എം.ബി രാജേഷ്, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, കേരള സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർപേഴ്സൺ വി. കെ രാമചന്ദ്രൻ, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, ഡയറക്ടർ ഒ. വി മുസ്തഫ, നോർക്ക വകുപ്പ് സെക്രട്ടറി എസ് .ഹരികിഷോർ തുടങ്ങിയവർ സംസാരിച്ചു.

# നോർക്ക ബിസിനസ് ലീഡർഷിപ്പ് മീറ്റ് : അവതരിപ്പിച്ചത് 30 ആശയങ്ങൾ

**കൊച്ചി:** കൊച്ചിയിൽ സംഘടിപ്പിച്ച പ്രഥമ നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റിൽ അവസതരിപ്പിക്കപ്പെട്ട മുപ്പത് പ്രധാന ആശയങ്ങളാണ് അവതരിപ്പിച്ചത്. ഇവയിൽ മുൻഗണന ക്രമത്തിൽ ഇരുപതിയൊന്ന് എണ്ണത്തിന്റെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾക്കായി ഇവ അതത് വകുപ്പുകളിൽ വിശദമായ ചർച്ചക്ക് വിധേയമാക്കും. അതിനുശേഷം ധാരാണാപത്രം ഉൾപ്പെടെയുള്ള തുടർനടപടികളിലേയ്ക്ക് നീങ്ങും. കേരള, ഓസ്ട്രേലിയ ഇന്നൊവേഷൻ ആൻഡ് സ്കിൽസ് ഹബ് രൂപീകരണം, അന്താരാഷ്ട്ര ഫെല്ലോഷിപ്പുകൾ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, പ്രവാസി മേന്റർഷിപ്പ്, സ്കിൽ ഡവലപ്മെന്റ്, കേരളത്തിലെ സർവകലാശാലകളെയും അന്താരാഷ്ട്ര സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഫോർ ഗ്ലോബൽ ലേണിങ്, കേരള എയർ ടെക് കൊറിഡോർ, തീരദേശ ഡ്രോൺ കൊറിഡോർ, കമ്മ്യൂണിറ്റി ഹെൽത്ത് & കെയർ ഹബ്ബുകൾ, തലച്ചോറുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ സംയോജിത പരിപാടി, കൃഷിയിലെ പരിസ്ഥിതി ആഘാതം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ, കേരളത്തിലെ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് മേഖലയിൽ അംഗീകൃത സർട്ടിഫിക്കേഷൻ ,മെന്റർഷിപ്പ് ,സ്കോളർഷിപ്പുകളും ഉൾപ്പെടുന്ന പൈലറ്റ് പ്രോഗ്രാമുകൾ, സിന്തറ്റിക് ബയോളജി, ബയോ മാനുഫാക്ചറിംഗ് മേഖലകൾക്കായി കൊച്ചിയിൽ ബയോഫൗണ്ടറി, സംയോജിത വിദേശഭാഷാ പരിശീലനം, ജീൻ തെറാപ്പി തുടങ്ങിയ ആശയങ്ങളാണ് സർക്കാറിന്റെ പരിഗണയ്ക്കായി നൽകിയത്.

കൊച്ചിൽ ഗ്രാന്റ് ഹയാത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിലും അഞ്ചു സെഷനുകളിലായി നടന്ന ചർച്ചകളിലും മന്ത്രിമാരായ. വി. ശിവൻകുട്ടി, പി. രാജീവ്, എം.ബി.രാജേഷ്, വീണാ ജോർജ്ജ്, സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർപേഴ്സൺ വി.കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി എ. ജയതിലക്, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി .ശ്രീരാമകൃഷ്ണൻ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി.എം മുഹമ്മദ് ഹനീഷ്, നോർക്ക വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, ലോകകേരള സഭ ഡയറക്ടർ ആസിഫ് കെ. യൂസഫ്, നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗം ഒ.വി മുസ്തഫ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി എന്നിവർ സംബന്ധിച്ചു. മീറ്റിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 60 മലയാളി പ്രൊഫഷണലുകൾ, സിഇഒമാർ, സംരംഭകർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ധർ, ആരോഗ്യരംഗത്തെ പ്രമുഖർ, സ്റ്റാർട്ടപ്പ് സംരംഭകർ, അക്കാദമിക് വിദഗ്ധർ, വ്യവസായ പ്രമുഖർ എന്നിവരും പങ്കെടുത്തു.



ട്വന്റി20 പാർട്ടി പുത്തൻകുരിശ് പഞ്ചായത്ത് കൺവെൻഷൻ പാർട്ടി സംസ്ഥാന പ്രസിഡന്റ് സാബു എം. ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു.

# വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കും : സാബു എം. ജേക്കബ്ബ്

**കൊച്ചി:** വരാൻ പോകുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി ട്വന്റി20 പാർട്ടി വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ചു കൊണ്ട് നടന്ന പാർട്ടിയുടെ വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത് കൺവെൻഷൻ സംസ്ഥാന പ്രസിഡന്റ് സാബു എം. ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. ട്വന്റി20 അധികാരത്തിലെത്തിയാൽ വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ മാലിന്യ പ്രശ്നം എന്നെന്നേക്കുമായി പരിഹരിക്കുമെന്നു സാബു എം. ജേക്കബ്ബ് പറഞ്ഞു. മാറിമാറി ഭരിക്കുന്ന ഇടതു വലതു മുന്നണികൾ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കമ്പനികളിൽ നിന്നും ഭീമമായ തുകകൾ കൈപറ്റി നാടിനെ മാലിന്യത്തിൽ മുക്കിയിരിക്കുകയാണ്. ഏറ്റവും കൂടുതൽ കാൻസർ രോഗികളും, ശ്വാസകോശ രോഗികളും ഉള്ള പഞ്ചായത്തായി വടവുകോട് പുത്തൻകുരിശ് മാറിയിരിക്കുന്നു. കുടിവെള്ളത്തിൽ പോലും വിഷം കലർന്ന അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. ഇന്ന് ഏറ്റവും കൂടുതൽ വരുമാനമുള്ള പഞ്ചായത്താണ് വടവുകോട് പുത്തൻകുരിശ് പഞ്ചായത്തെങ്കിലും പ്രദേശത്ത് ഒരു വഴിവിളക്കോ നല്ല ഒരു റോഡോ ഉണ്ടാക്കാൻ മുന്നണികൾക്ക് സാധിച്ചിട്ടില്ലെന്നും സാബു എം. ജേക്കബ്ബ് പറഞ്ഞു. പാർട്ടി വൈസ് പ്രസിഡന്റ് വി. ഗോപകുമാർ, സ്റ്റേറ്റ് കമ്മിറ്റി എക്സിക്യൂട്ടീവ് മെമ്പർ അഡ്വ. ചാർളി പോൾ, ജില്ലാ കോർഡിനേറ്റർ പി. വൈ അബ്രാഹം, കുന്നത്ത് നാട് നിയോജകമണ്ഡലം പ്രസിഡന്റ് ജിബി എബ്രാഹം, നിയോജകമണ്ഡലം കമ്മിറ്റിയംഗങ്ങളായ പി.വൈ മത്തായി, പീറ്റർ കെ. ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

# എറണാകുളം ജനറൽ ആശുപത്രിൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം ഒരു മാസത്തിനുള്ളിൽ ആരംഭിക്കും: മന്ത്രി വീണാ ജോർജ്

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം ഒരു മാസത്തിനകം പ്രവർത്തനം ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജനറൽ ആശുപത്രിയിൽ നവീകരിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ മോർച്ചറി, ക്വീർ സൗഹാർദ്ദ ക്ലിനിക്, സ്ട്രോക് ഐ.സി.യു, നവീകരിച്ച കാത്ലാബ്, ശ്രുതി തരംഗം പദ്ധതി എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം ആരംഭിക്കുന്നതോടെ യാഥാർത്ഥ്യമാവുന്നത് കൊച്ചിയുടെ എല്ലാ കാലത്തെയും ആവശ്യമാണ്. രാജ്യത്തെ ആദ്യ ക്വീർ സൗഹാർദ്ദ ക്ലിനിക് എന്നതുൾപ്പടെ നിരവധി അഭിമാനകരമായ നേട്ടങ്ങളാണ് ജനറൽ ആശുപത്രിക്ക് സ്വന്തമായിട്ടുള്ളത്. രാജ്യത്താദ്യമായി വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ ചെയ്ത ജില്ലാ ആശുപത്രി, ഓപ്പൺ ഹാർട്ട് സർജറി ചെയ്ത ജില്ലാ ആശുപത്രി എന്നീ നേട്ടങ്ങൾ എറണാകുളം ജനറൽ ആശുപത്രിക്ക് സ്വന്തമാണ്. ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയക്കുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്, മന്ത്രി വ്യക്തമാക്കി.

2024 ജനുവരിയിൽ ഉദ്ഘാടനം ചെയ്ത ഡയാലിസിസ് ബ്ലോക്കിൽ 162 രോഗികൾക്കാണ് ഒരു ദിവസം കീമോ ഡയാലിസിസ് ചെയ്യുന്നത്. ജനറൽ ആശുപത്രിയിൽ 76 കോടി രൂപ ചെലവഴിച്ചാണ് ഏഴ് നിലകളിലായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ചത്. കൂടാതെ 22 കോടിയിലധികം രൂപയുടെ ഉപകരണങ്ങളും സജ്ജമാക്കിയിരിക്കുന്നു. നൂതന ട്രോമ കെയർ മെഷീനുകൾ, കാർഡിയാക് കാത് ലാബ്, 16 കിടക്കകളുള്ള മെഡിക്കൽ ഐ.സി.യു, ഒ.പി. കൗണ്ടർ, കാത്തിരിപ്പ് കേന്ദ്രങ്ങൾ, സ്പെഷ്യാലിറ്റി ബ്ലോക്ക് എക്സ്റ്റൻഷൻ, ലീനിയർ ആക്സിലറേറ്റർ, പൊള്ളലേറ്റ് ഉണ്ടാകുന്ന പരിക്കുകൾ ശാസ്ത്രീയമായി ചികിത്സിക്കുന്ന ബേൺസ് യൂണിറ്റ്, 25 കോടി രൂപ മുടക്കി നിർമ്മിച്ച 105 രോഗികളെ കിടത്തി ചികിത്സിക്കാൻ സാധിക്കുന്ന ആറ് നിലകളുള്ള കാൻസർ സ്പെഷ്യാലിറ്റി ബ്ലോക്ക് തുടങ്ങി നിരവധി നേട്ടങ്ങളാണ് എറണാകുളം ജനറൽ ആശുപത്രി സ്വന്തമാക്കിയതെന്ന് മന്ത്രി പറഞ്ഞു.

ജനറൽ ആശുപത്രിയിൽ ഐ.പി. ബ്ലോക്ക് നിർമ്മിക്കുന്നത് സജീവ പരിഗണനയിലുണ്ടെന്നും അനുകൂലമായ തീരുമാനം ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

70 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച റിസപ്ഷൻ ഏരിയ, വെയ്റ്റിങ് ഏരിയ, പാർക്കിംഗ് ഏരിയ, ഇൻക്വസ്റ്റ് റൂം, അക്കാദമിക് റൂം, ഓട്ടോപ്സി ഏരിയ, ഫ്രീസർ മോർച്ചറി തുടങ്ങിയ സൗകര്യങ്ങളോടെയാണ് മോർച്ചറി സമുച്ചയം നവീകരിച്ചിരിക്കുന്നത്. ആശുപത്രി വികസന സമിതിയുടെ 13 ലക്ഷം രൂപ ഉപയോഗിച്ചാണ് ക്വീർ സൗഹാർദ്ദ ക്ലിനിക് സജ്ജീകരിച്ചിരിക്കുന്നത്. പ്ലാൻ ഫണ്ട് മുഖാന്തരം ലഭിച്ച 10 ലക്ഷം രൂപ വിനിയോഗിച്ചാണ് മസ്തിഷ്കാഘാതം ചികിത്സിക്കാൻ ഉതകുന്ന എല്ലാത്തരം ഉപകരണങ്ങളും ഉൾപ്പെടുത്തി സ്ട്രോക് ഐ. സി. യു ക്രമീകരിച്ചിരിക്കുന്നത്. ആശുപത്രി വികസന സമിതിയുടെ ഒന്നര കോടി രൂപയാണ് കാത്ലാബ് പുനരുദ്ധാരണത്തിനായി വിനിയോഗിച്ചത്. കൂടാതെ മൂന്ന് വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ചെയ്ത് നൽകുന്ന ശ്രുതി തരംഗം പദ്ധതിയും ആരംഭിച്ചു. ഇതിനായി ഒരു പ്രത്യേക ഓപ്പറേഷൻ തിയറ്ററും സജ്ജീകരിച്ചിരിക്കുന്നു. ആശുപത്രിയിൽ ഒരു വർഷം നീണ്ട് നിൽക്കുന്ന അവയവദാന ക്യാമ്പിന്റെ ഉദ്ഘാടനം ചലച്ചിത്ര താരം വിനയ് ഫോർട്ട് നിർവഹിച്ചു.

സംസ്ഥാനത്താദ്യമായി പാലിയേറ്റീവ് ട്രെയ്നിങ് പൂർത്തിയാക്കിയ ട്രാൻസ് വ്യക്തികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു.ചടങ്ങിൽ ടി. ജെ വിനോദ് എം.എൽ.എ അധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആശാ ദേവി, ജനറൽ ആശുപത്രി സൂപ്രണ്ട് ആർ. ഷാഹിർഷാ, ആർ.എം.ഒ ഡോ. കെ. അമീറ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു.



## എംബിഎ എന്നത് വെറും ബിരുദം മാത്രമല്ല മനോഭാവം കൂടിയാണ്: കെ. ഹരികുമാർ

**കൊച്ചി:** എംബിഎ എന്നത് വെറും ഒരു ബിരുദം മാത്രമല്ല, അതൊരു മനോഭാവം കൂടിയാണ്. പ്രശ്നങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവും, അനിശ്ചിതത്വത്തിനിടയിൽ തീരുമാനങ്ങൾ എടുക്കാനുള്ള ശേഷിയും, വിവിധ മേഖലകളെ നയിക്കാനുള്ള നേതൃഗുണവും നമ്മുക്കത് നേടിത്തരുമെന്നും, കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ. ഹരികുമാർ പറഞ്ഞു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുസാറ്റ് സെമിനാർ കോംപ്ലക്സിൽവെച്ച് നടന്ന ബിരുദദാന ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗവും ഡീൻ, സോഷ്യൽ സയൻസ് ഫാക്കൽറ്റിയുമായ ഡോ. ഡി. മാവൂദ്, സിൻഡിക്കേറ്റ് അംഗവും ടെക്നോളജിയുടെ ഡീനുമായ ഡോ. പി. എസ് ശ്രീജിത്ത്, കുസാറ്റ് രജിസ്ട്രാർ ഡോ. എ. യു അരുൺ, കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. സാം തോമസ്, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ. മനോജ്, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് അസോസിയേറ്റ് പ്രൊഫസർ ഡോ. ഫെസീന ഖാദിർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ഏലൂർ ചൗക്ക ചേരാനല്ലൂർ പാലം: സ്ഥലം ഏറ്റെടുപ്പ് നടപടികൾ ഒക്ടോബറിൽ പൂർത്തിയാകും

**കൊച്ചി:** മുട്ടാർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ഏലൂർ ചൗക്ക ചേരാനല്ലൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഒക്ടോബറിൽ പൂർത്തിയാക്കുമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക അറിയിച്ചു.

അമൃത് പദ്ധതിയുടെ ഭാഗമായി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിർമ്മിച്ച വാട്ടർ ടാങ്കിൽ നിന്നുള്ള ജലവിതരണ ലൈനിന്റെ നിർമ്മാണ ടെൻഡർ നടപടികൾ പൂർത്തിയായ സ്ഥിതിക്ക് ഉടൻ തന്നെ ആരംഭിക്കുമെന്ന് യോഗം അറിയിച്ചു.

ഇരുമ്പനം മുതൽ കരിങ്ങാച്ചിറവരെയുള്ള സീപോർട്ട് എയർപോർട്ട് റോഡിൽ ടാങ്കർ ലോറികളുടെ അനധികൃത പാർക്കിങ് ഒഴിവാക്കാനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും, അനധികൃതമായി പാർക്ക് ചെയ്യുന്നവർക്കെതിരെ പിഴ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ പോലീസിനും ആർ.ടി.ഒ യ്ക്കും യോഗത്തിൽ നിർദേശം നൽകി. മുളന്തുരുത്തി, കൂത്താട്ടുകുളം സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം പുനരാരംഭിക്കുന്നതിനും, കുരീക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമുള്ള നടപടികൾ വേഗത്തിലാക്കുവാനും യോഗം നിർദേശം നൽകി. യോഗത്തിൽ പ്ലാൻ പ്രോഗ്രസ് റിപ്പോർട്ട്, മുൻ ജില്ലാ വികസന സമിതി യോഗ തീരുമാന പ്രകാരം വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ, കോട്പ ആക്ടിന്റെ ഭാഗമായ നടപടികൾ എന്നിവയുടെ പുരോഗതി വിലയിരുത്തി .

എം.എൽ.എ മാരായ പി.വി ശ്രീനിജിൻ, അനൂപ് ജേക്കബ്, ടി.ജെ വിനോദ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ജില്ലാ പ്ലാനിങ് ഓഫീസർ ടി. ജ്യോതിമോൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## വിഷൻ 2031 രജിസ്ട്രേഷൻ വകുപ്പ് സെമിനാർ

**കൊച്ചി:** വിഷൻ 2031 ന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പ് ജില്ലയിൽ സംഘടിപ്പിക്കുന്ന സെമിനാറിന്റെ മുന്നോടിയായുള്ള സംഘാടക സമിതി രൂപീകരണം ഒക്ടോബർ 3 ന് വൈകിട്ട് 4 ന് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. കുഴുപ്പിള്ളി സഹകരണസംഘം ഓഡിറ്റോറിയത്തിൽ ഒക്ടോബർ 14 നാണ് സെമിനാർ നടക്കുന്നത്. 2031ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുക, കേരളത്തിന്റെ കഴിഞ്ഞ കാല വളർച്ചയെ സമഗ്രമായി വിലയിരുത്തുക, ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുക, ആശയങ്ങൾ ശേഖരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് വിഷൻ 2031 സംഘടിപ്പിക്കുന്നത്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിലെ ഉപയോഗത്തിനായി വാഹനം വാടകക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ ഒക്ടോബർ 13 ന് ഉച്ചക്ക് രണ്ടിനുള്ളിൽ സമർപ്പിക്കണം. ഫോൺ: 0485 2828161, 9447830178



# തേവര മത്സ്യ മാർക്കറ്റിൽ ശുചിത്വ ബോധവൽക്കരണ പരിപാടിയുമായി ഐസിഎആർ–സിഐഎഫ്ടി

**കൊച്ചി:** എറണാകുളത്തെ തേവര മത്സ്യ മാർക്കറ്റിൽ സ്വച്ഛതാ ഹി സേവാ കാമ്പയിനിന്റെ ഭാഗമായി ഐസിഎആർ-സിഐഎഫ്ടി ശുചിത്വ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി സഹകരിച്ചാണ് പരിപാടി നടത്തിയത്.

മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും ഉണ്ടാകേണ്ട വൃത്തി, ശുചിത്വം, മാലിന്യ സംസ്കരണ രീതികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യവ്യാപകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വച്ഛതാ ഹി സേവാ കാമ്പയിൻ. ഐസിഎആർ-സിഐഎഫ്ടി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.ജയ ജയന്തി പരിപാടിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. തേവര മാർക്കറ്റിലെ ഹെൽത്ത് ഇൻസ്പെക്ടർ ഷാജ് സുബാഷ് പൊതുജനാരോഗ്യത്തിനും വിപണി പ്രശസ്തിക്കും ശുചിത്വം പാലിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ഉത്തരവാദിത്തപരമായ കൈകാര്യം ചെയ്യൽ, ശുചിത്വ മാർക്കറ്റിംഗ് രീതികൾ, മത്സ്യ മാലിന്യ ഉപയോഗം' എന്ന വിഷയത്തിൽ ഐസിഎആർസിഐഎഫ്ടിയിലെ സീനിയർ സയന്റിസ്റ്റ് ഡോ. മാർട്ടിൻ സേവ്യർ ഒരു ബോധവൽക്കരണ സെഷൻ നടത്തി. കൂടാതെ, മത്സ്യത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിൽ സിഐഎഫ്ടി റാപ്പിഡ് ടെസ്റ്റിംഗ് കിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിപുലമായ വിശദീകരണവും നടത്തി. മലിനീകരണ സാധ്യതകൾ കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള മത്സ്യം കൈകാര്യം ചെയ്യൽ, മാലിന്യ നിർമാർജനം, ശുചിത്വ നടപടികൾ എന്നിവയാണ് ഈ സെഷനിൽ പ്രതിപാദിച്ചത്.

കൂടാതെ, മാർക്കറ്റിന്റെ പതിവ് പരിപാലനത്തെ പിന്തുണയ്ക്കുന്നതിനായി മത്സ്യ വിൽപ്പനക്കാർക്കും ശുചീകരണ തൊഴിലാളികൾക്കും ക്ലീനിംഗ്, ശുചിത്വ കിറ്റുകൾക്കും കയ്യുറകൾ, പൊതു മാലിന്യ ബിന്നുകൾ, ബക്കറ്റുകൾ, കപ്പുകൾ, അണുനാശിനി ഏജന്റുകൾ എന്നിവ വിതരണം ചെയ്തു. അതോടൊപ്പം മത്സ്യ മാർക്കറ്റുകളിലെ ശുചിത്വം കൈകാര്യം ചെയ്യൽ, മത്സ്യത്തിലെ വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കൽ എന്നിവയെക്കുറിച്ചുള്ള രണ്ട് ലഘുലേഖകൾ പങ്കെടുത്തവർക്ക് വിതരണം ചെയ്തു. മത്സ്യ വിൽപ്പനക്കാർ, ചില്ലറ വ്യാപാരികൾ, ക്ലീനിംഗ് ജീവനക്കാർ എന്നിവർക്കിടയിൽ ശുചിത്വത്തിന്റെയും മാലിന്യ സംസ്കരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.



റോട്ടറി കൊച്ചി മിഡ്ടൗണിന്റെ നേതൃത്വത്തിൽ മുത്തൂറ്റ് മിനി ഫിനാൻസിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഡയാലിസിസ് സഹായ പദ്ധതിയുടെ ഭാഗമായുള്ള ധനസഹായം കൊച്ചി മിഡ്ടൗൺ പ്രസിഡന്റ് അഡ്വ. പി. ഗോപകുമാർ, മുത്തൂറ്റ് മിനി ഫിനാൻസ് സിഎസ്ആർ പ്രോജക്ട് ചെയർമാൻ റോട്ടേറിയൻ കെ. കെ ജോർജ്ജ് എന്നിവർ ചേർന്ന് ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ കൈമാറുന്നു. റോട്ടേറിയൻ ടി.ടി തോമസ്, ഡോ. ബൈജു കുണ്ടിൽ, ബാബു ജോസഫ്, കെ. ഇ മത്തായി തുടങ്ങിയവർ സമീപം

# ഡയാലിസിസ് സഹായ പദ്ധതി: ധനസഹായം കൈമാറി

**കൊച്ചി:** റോട്ടറി കൊച്ചി മിഡ്ടൗണിന്റെ നേതൃത്വത്തിൽ മുത്തൂറ്റ് മിനി ഫിനാൻസിന്റെ സഹകരണത്തോടെ നിർദ്ധനരായ കിഡ്നി രോഗികളെ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന ഡയാലിസിസ് സഹായ പദ്ധതിയുടെ ഭാഗമായുള്ള ധനസഹായം എറണാകുളം ലിസി ആശുപത്രിയ്ക്ക് കൈമാറി.

കൊച്ചി മിഡ്ടൗൺ പ്രസിഡന്റ് അഡ്വ. പി. ഗോപകുമാർ, മുത്തൂറ്റ് മിനി ഫിനാൻസ് സിഎസ്ആർ പ്രോജക്ട് ചെയർമാൻ റോട്ടേറിയൻ കെ. കെ ജോർജ്ജ് എന്നിവരിൽ നിന്ന് ഒരു വർഷത്തെ ഡയലാസിസിനുള്ള ധനസഹായത്തിന്റെ ചെക്ക് ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ ഏറ്റുവാങ്ങി.

റോട്ടറി കൊച്ചി മിഡ്ടൗൺ സെക്രട്ടറി ഡോ. ബൈജു കുണ്ടിൽ, റൊട്ടേറിയൻ ടി.ടി തോമസ്, ബാബു ജോസഫ്, മുത്തൂറ്റ് മിനി ഫിനാൻസ് സി.ഇ.ഒ കെ. ഇ മത്തായി തുടങ്ങിയവർ പങ്കെടുത്തു.

## പ്രമേഹ രോഗികൾക്ക് പിന്തുണ: ബിയോണ്ട് ടൈപ്പ് 1 ഇന്ത്യയിലേക്ക്

**കൊച്ചി:** പ്രമേഹ രോഗികൾക്ക് കൂടുതൽ അവബോധവും പിന്തുണയും നൽകേണ്ടതിന്റെ അടിയന്തര ആവശ്യം കണക്കിലെടുത്ത് ഇന്ത്യയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതായി നിക് ജോനാസ് സഹസ്ഥാപനമായ ബിയോണ്ട് ടൈപ്പ് 1 അറിയിച്ചു. 2015ൽ നിക് ജോനാസും ജൂലിയറ്റ് ഡി ബൗബിഗ്നിയും ചേർന്ന് സ്ഥാപിച്ച ബിയോണ്ട് ടൈപ്പ് 1, പ്രമേഹരോഗമുള്ളവരുടെ മാറ്റത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന ആഗോള ലാഭരഹിത സംഘടനയാണ്. ടൈപ്പ് 1 പ്രമേഹ ബാധിതരുടെ എണ്ണത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ലോകത്തിൽ ഏറ്റവും കൂടുതൽ ടൈപ്പ് 1 പ്രമേഹമുള്ള കുട്ടികളും കൗമാരക്കാരും ഇന്ത്യയിലാണെങ്കിലും, ഇതേകുറിച്ചുള്ള അവബോധം ഇപ്പോഴും വളരെ കുറവാണ്. രോഗനിർണയം വൈകുന്നതും, മാനസിക സംഘർഷങ്ങൾ നേരിടുന്നതും ശാരീരികമായ ബുദ്ധിമുട്ടുകൾക്ക് മാത്രമല്ല, ടൈപ്പ് 1 പ്രമേഹമുള്ള കുട്ടികൾക്ക് അവരുടെ സമപ്രായക്കാരേക്കാൾ ഇരട്ടിയിലധികം വിഷാദമോ ഉത്കണ്ഠയോ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പ്രമേഹത്തെക്കുറിച്ചുള്ള കാലഹരണപ്പെട്ട ധാരണകളെ വെല്ലുവിളിക്കുന്നതിനും, രോഗനിർണയത്തിനപ്പുറം ജീവിതം എങ്ങനെയായിരിക്കുമെന്നു കാണിച്ചുതരുന്നതിനും വേണ്ടിയാണ് ബിയോണ്ട് ടൈപ്പ് 1 സ്ഥാപിക്കപ്പെട്ടതെന്ന് ബിയോണ്ട് ടൈപ്പ് 1 സി.ഇ.ഒ. ഡെബോറ ഡുഗൻ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസം, ശക്തമായ പിന്തുണ സംവിധാനങ്ങൾ, നല്ല പരിചരണം എന്നിവ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് അത്യാവശ്യമാണ്. ഇന്ത്യയിലേക്കുള്ള ഞങ്ങളുടെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി, ബിയോണ്ട് ടൈപ്പ് 1 ഹൃദയ് ഓർഗനൈസേഷനുമായും എൻസിഡി അലയൻസുമായി സഹകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

## ബ്യൂട്ടി കൺസെപ്റ്റ് അവതരിപ്പിച്ച് എച്ച് ആന്റ് എം

**കൊച്ചി:** ഫാഷനെയും സൗന്ദര്യത്തെയും ഒരുപോലെ സ്നേഹിക്കുന്ന ഇന്ത്യക്കാർക്കായി പുതിയ ബിസിനസ് ലോകത്തേക്ക് ചുവടുവച്ച് എച്ച് ആന്റ് എം. സൗന്ദര്യരംഗത്ത് പുതിയ ബ്രാൻഡ് തുടങ്ങുന്നതിന്റെ ഭാഗമായി 'എച്ച് ആന്റ് എം ബ്യൂട്ടി കൺസെപ്റ്റ്' ലോഞ്ച് ചെയ്തു. പ്രാദേശികമായി നിർമ്മിച്ച മേക്കപ്പ് വസ്തുക്കൾ സുഗന്ധദ്രവ്യങ്ങൾ എന്നിവയും ആഗോള തലത്തിൽ നിന്നുള്ള സൗന്ദര്യ വസ്തുക്കളും ഉൾപ്പെടുത്തിയാണ് എച്ച് ആന്റ് എം ബ്യൂട്ടി കൺസെപ്റ്റ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കുന്നത്. ആഗോള സൗന്ദര്യ ആശയങ്ങളും ഇന്ത്യൻ കരകൗശലവിദ്യയും സമന്വയിപ്പിച്ച് മികവുറ്റ ലിപ്സ്റ്റിക്കുകൾ, ഏറെനേരം നിലനിൽക്കുന്ന സുഗന്ധങ്ങൾ തുടങ്ങി 200ൽ അധികം ഉൽപ്പന്നങ്ങളാണ് ബ്രാൻഡിന്റെ ബ്യൂട്ടി ശേഖരത്തിലുള്ളത്. ചെന്നൈയിലെ എക്സ്പ്രസ് അവന്യൂ, വിആർ അണ്ണാനഗർ എന്നിവിടങ്ങളിലെ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും. എച്ച് ആന്റ് എം ബ്യൂട്ടി കൺസെപ്റ്റ് അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ഏറ്റവും മികച്ച സൗന്ദര്യ വസ്തുക്കളും ഫാഷനും കൂടുതൽ ആളുകളിലേക്ക് എത്തിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യമെന്നും എച്ച് ആന്റ് എം ഇന്ത്യ ഡയറക്ടർ ഹെലീന ക്യൂലെൻസ്റ്റിയർന പറഞ്ഞു.

## സ്കോഡ ഒക്ടോവിയ ആർഎസ്: പ്രീബുക്കിങ് 6 ന് തുടങ്ങും

**കൊച്ചി:** സ്കോഡ ഓട്ടോ ഇന്ത്യയുടെ ഒക്ടോവിയ ആർഎസ് തിരിച്ചു വരുന്നു. പ്രീബുക്കിംഗ് ഒക്ടോബർ 6 മുതൽ ഔദ്യോഗിക വെബ്സൈറ്റിൽ ആരംഭിക്കും. ഇന്ത്യയിൽ ഫുള്ളിബിൽറ്റ് യൂണിറ്റ് (എഫ്ബിയു) ആയാണ് നിശ്ചിത എണ്ണത്തിൽ മാത്രമായി ഒക്ടോവിയ ആർഎസ് ലഭ്യമാകുക. മികച്ച ഡ്രൈവിങ്, ബോൾഡ് ഡിസൈൻ എന്നിവയ്ക്കൊപ്പം മികച്ച പെർഫോമൻസും ഒക്ടേവിയ ആർഎസ് ഉറപ്പു നല്കുന്നുവെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു. ആദ്യത്തെ ടർബോ ചാർജ്ഡ് പെട്രോൾ എഞ്ചിൻ പാസഞ്ചർ കാറായി 2004 ലാണ് ഒക്ടോവിയ ആർഎസ് ഇന്ത്യയിലേക്കെത്തുന്നത്. സ്കോഡ ഇന്ത്യ ഓട്ടോയുടെ www.skodaauto.co.in എന്ന സൈറ്റിലാണ് ബുക്കിംഗ് ആരംഭിക്കുന്നത്.

## ഇലക്ട്രോണിക്ക ഇന്ത്യ, പ്രൊഡക്ട്രോണിക്ക ഇന്ത്യ 2025 സമാപിച്ചു

**കൊച്ചി:** ബാംഗ്ലൂരിൽ നടന്ന ഇലക്ട്രോണിക്ക ഇന്ത്യയും പ്രൊഡക്ട്രോണിക്ക ഇന്ത്യ 2025യും സമാപിച്ചു. മൂന്ന് ദിവസമായി നടന്ന വ്യാപാര മേളയിൽ 50ലധികം രാജ്യങ്ങളിൽ നിന്നുള്ള 6,000ത്തിലധികം ബ്രാൻഡുകളും 50,194 വ്യാപാര പ്രൊഫഷണലുകളും പങ്കെടുത്തു. മെസ്സേ മഞ്ചേൻ ഇന്ത്യ സംഘടിപ്പിച്ച ഈ വ്യാപാര മേളകൾ, ഡിസൈൻ, ഘടകങ്ങൾ, അസംബ്ലി, ഓട്ടോമേഷൻ, എംബഡഡ് സിസ്റ്റങ്ങൾ, ഗുണ നിലവാര ഉറപ്പ് എന്നിവയുൾപ്പെടെ മുഴുവൻ ഇലക്ട്രോണിക്സ് നിർമ്മാണ മൂല്യ ശൃംഖലയ്ക്കും ഒത്തുചേരാനുള്ള വേദിയായി മാറി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ബാറ്റിൽ ഓഫ് സൂപ്പർ സ്കോളേഴ്സ്: അഞ്ചാമത് സീസൺ പൂർത്തിയാക്കി വിൻസോ

**കൊച്ചി:** ഇന്ത്യയിലെ തദ്ദേശീയമായി വളർന്ന ഏറ്റവും വലിയ ഡിജിറ്റൽ എന്റർടൈൻമെന്റ് സംവിധാനവും 250 ദശലക്ഷത്തിലേറെ ഉപയോക്താക്കളുമുള്ള വിൻസോ തങ്ങളുടെ ബാറ്റിൽ ഓഫ് സൂപ്പർ സ്കോളേഴ്സിന്റെ (ബിഒഎസ് എസ്)അഞ്ചാമത് സീസൺ പൂർത്തിയാക്കി. ഐഐഎം അഹമ്മദാബാദ്, ഐഐഎം ബാംഗ്ലൂർ, ഐഐഎം കൽക്കട്ട, ഐഐഎം ലഖ്നൗ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡെൽഹി എന്നിവയുമായി സഹകരിച്ചാണിതു സംഘടിപ്പിച്ചത്.

അക്കാദമിക് മികവുകളെ പ്രയോജനപ്പെടുത്താനാവുന്ന വിധത്തിൽ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ കൺസ്യൂമർ ടെക് ഡിജിറ്റൽ പുതുമകളുടെ ഭാവി രൂപപ്പെടുത്തുന്ന രീതിയിലാണ് വിൻസോ ബിഒഎസ്എസ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

കയറ്റുമതി ചെയ്യാനാവുന്ന ഗുണനിലവാരമുള്ള സാങ്കേതികവിദ്യയും ബൗദ്ധിക സ്വത്തും ഇന്ത്യയിൽ സൃഷ്ടിച്ച് ആഗോള വിപണിയിൽ പ്രയോജനപ്പെടുത്താനാവുന്ന വിധത്തിൽ ഇതിനായുള്ള നേതൃനിരയെ പടുത്തുയർത്തുകയും ചെയ്യും.

ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡുമായി സഹകരിച്ച് അവതരിപ്പിച്ച വിൻസോയുടെ ഗ്ലോബൽ സെന്റർ ഫോർ എക്സലൻസ് ഇന്ത്യയിലെ ഏറ്റവും മികച്ച യുവ മനസുകളെ മുൻനിര സ്ഥാപനങ്ങളിൽ നിന്നു തെരഞ്ഞെടുത്ത് വിൻസോയുടെ 200ൽ ഏറെ അംഗങ്ങളുള്ള സംഘവുമായി ബന്ധിപ്പിക്കും.




# സാങ്കേതികവിദ്യ യുക്തിപൂർവം ഉപയോഗിക്കണം

**കൊച്ചി:** സാങ്കേതിക വിദ്യ യുക്തിപൂർവം ഉപയോഗിക്കണമെന്നും ഡിജിറ്റൽ യുഗത്തിൽ നല്ലത് മാത്രം തെരഞ്ഞെടുക്കണമെന്നും മലയാള മനോരമ മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡന്റ് വർഗീസ് ചാണ്ടി. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) സംഘടിപ്പിച്ച ഇൻസൈറ്റ് എക്സ് പ്രഭാഷണ പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധി ക്രിയാത്മകതയെ ഇല്ലാതാക്കും. ഡിജിറ്റൽ ആവാസവ്യവസ്ഥ ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. പരന്ന വായനയുണ്ടെങ്കിലേ ക്രിയാത്മകതയുണ്ടാകൂ. കുട്ടികളെ വായനയിലേക്ക് നയിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. വ്യാജ വാർത്തകൾ പ്രചരിക്കുന്നതാണ് മാനുഷികത നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്നും വർഗീസ് ചാണ്ടി പറഞ്ഞു. കരിയറിന്റെ തുടക്കത്തിൽ ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിട്ടിരുന്നു. ദിവസേന കേട്ടിരുന്ന ഓരോ 'നോ' യും എന്റെ തിരക്ക് വർധിപ്പിക്കാനുള്ള ഇന്ധനമായിരുന്നു. ഏറെക്കാലത്തെ ശ്രമഫലമായാണ് അമുൽ, ബജാജ് പോലെയുള്ള ബ്രാൻഡുകൾ ജനമനസുകളിലേക്ക് എത്തിയത്. ഇന്ന് ബ്രാൻഡ് നാമം സൃഷ്ടിക്കുന്നതിലല്ല, മറിച്ച് വിൽക്കാനുള്ള എന്തെങ്കിലും വസ്തു ഉണ്ടാക്കുക എന്നത് മാത്രമാണ് എല്ലാവരുടേയും ലക്ഷ്യം. മീഡിയ പ്ലാനിംഗ് ഒരു ശാസ്ത്രമാണെന്നും അദ്ദേഹം പറഞ്ഞു. നരസിംഹ റാവു, മൻമോഹൻ സിംഗ് സഖ്യം സാമ്പത്തിക ഉദാരവൽക്കരണം നടപ്പാക്കിയതാണ് പരസ്യമേഖലയിൽ വിപ്ളവകരമായ മാറ്റങ്ങൾ ഉണ്ടാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

കെ.എം.എ യുടെ നൂതനവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളാണ് ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷന്റെ പുരസ്കാരങ്ങൾ ലഭിക്കാൻ സഹായകരമായതെന്ന് അധ്യക്ഷ പ്രസംഗം നടത്തിയ കെ. എം. എ പ്രസിഡന്റ് കെ. ഹരികുമാർ പറഞ്ഞു. ഓണററി സെക്രട്ടറി കെ. അനിൽ വർമ്മ, വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി അധ്യക്ഷനുമായ ദിലീപ് നാരായണൻ എന്നിവരും പങ്കെടുത്തു.

# സർവകലാശാലകൾ സംരംഭകരെ സൃഷ്ടിക്കുന്നത് കോർപ്പറേറ്റുകൾ തൊഴിൽ സൃഷ്ടക്കുന്നതു പോലെ: ഡോ. ടോം എം. ജോസഫ്

**കൊച്ചി:** കോർപ്പറേറ്റുകൾ തൊഴിൽ സൃഷ്ടിക്കുന്നതു പോലെയാണ് സർവകലാശാലകൾ സംരംഭകരെ സൃഷ്ടിക്കുന്നതെന്ന് ടൈ കേരളയുടെ വിഷൻ കേരളാ പാനൽ ചർച്ചയിൽ ജെയിൻ യൂണിവേഴ്സിറ്റി ഡയറക്ടർ ഡോ. ടോം എം. ജോസഫ്. വ്യവസായിക വളർച്ചയ്ക്കുള്ള അക്കാദമിക് പങ്കാളിത്തം എന്ന വിഷയത്തിൽ എം .ജി റോഡ് അവന്യൂ റിജന്റിലായിരുന്നു പാനൽ ചർച്ച സംഘടിപ്പിച്ചത്. നമ്മുടെ വിദ്യാർഥികൾ പൂർണമായും സംരഭകത്വത്തിന് തയ്യാറാണോ' എന്ന ടൈ കേരളാ പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദിന്റെ ചോദ്യത്തിന് രസകരമായി മറുപടി നൽകിയ ടോം ജോസഫ് സർവകലാശാലകൾ സൃഷ്ടിക്കുന്ന സംരംഭകരാണ് തൊഴിൽ സൃഷ്ടിക്കുന്നതെന്നും അഭിപ്രായപ്പെട്ടു. കാലങ്ങളായി കേരളത്തിൽ ഇതാണ് സംഭവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പാനൽ ചർച്ചയും ചോദ്യോത്തര വേളയും ഉൾപ്പെടുന്ന പരിപാടിയിൽ നിരവധി വിദ്യാർഥികളും




അധ്യാപകരും സംരംഭകരും പങ്കെടുത്തു. എം.എൻ ഹോൾഡിങ്സ് പ്രസിഡന്റ് അജിത് മൂപ്പൻ മോഡറേറ്ററായ പാനൽ ചർച്ചയിൽ അമിറ്റി ഗ്ലോബൽ യൂണിവേഴ്സിറ്റി ഡയറക്ടർ ബിജു വിതയത്തിൽ, നെക്സ്റ്റ് എഡ്യൂക്കേഷൻ സഹ സ്ഥാപകൻ രവീന്ദ്രനാഥ് കമ്മത്, എസ്.സി.എം.എസ് വൈസ് ചെയർമാൻ ഡോ. രാധ തേവന്നൂർ എന്നിവർ പങ്കെടുത്തു.

# ആർഡീ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പാരിസ്ഥിതിക ഉത്തരവാദിത്തത്തോടെ എൻഡ് ഓഫ് ലൈഫ് (ഇഒഎൽ) ഊർജ സംഭരണ ഉൽപ്പന്നങ്ങളുടെയും നോൺഫെറസ് സ്ക്രാപ്പുകളുടെയും വീണ്ടെടുപ്പ്, പുനരുപയോഗം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ആർഡീ ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 320 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ രണ്ടു രൂപ മുഖവിലയുള്ള 37,650,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാൻറോമത്ത് ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഇഷ്യൂ ബാങ്കർ.

## എച്ച്ഡി ഫയർ പ്രൊട്ടക്റ്റ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** അഗ്നിശമന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ നിർമാതാക്കളും വിതരണക്കാരുമായ എച്ച്ഡി ഫയർ പ്രൊട്ടക്റ്റ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെ 26,284,500 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ആർകെസിപിഎൽ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വിവിധതരം സിവിൽ നിർമാണ, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ പ്രവർത്തിക്കുന്ന ആർകെസിപിഎൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 1250 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 700 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 550 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്വിറസ് ക്യാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## മൈന്റ്ടെക് സ്റ്റാർട്ടപ്പ് പാലന പുതിയ ചുവടുവെയ്പുകളിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ ആദ്യ മൈന്റ്ടെക് സ്റ്റാർട്ടപ്പ് പാലന പുതിയ ചുവടുവെയ്പുകളിലേക്ക് കടക്കുകയാണെന്ന് സ്ഥാപകനും ചെയർമാനുമായ ബിജു ശിവാനന്ദൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കഴിഞ്ഞ അഞ്ച് വർഷമായി രംഗത്തുള്ള പാലന ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരങ്ങളാണ് ഉപയോഗിക്കുന്നത്.

പാലന പുതിയ ഘട്ടത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി നിലവിൽ 25 കോടി ഇന്ത്യൻ രൂപയാണ് മൂല്യം കണക്കാക്കിയിരിക്കുന്നത്. സഹസ്ഥാപകനായ മനോജ് രോഹിണി, മണികണ്ഠൻ ഡയറക്ടർമാരായ ആറളം അബ്ദുറഹ്മാൻ ഹാജി, പ്രിയ ബിജു എന്നിവർക്ക് പുറമേ പുതിയ മൂന്നുപേർ കൂടി കമ്പനിയോടൊപ്പം ചേരുകയാണെന്നും വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കോ-ചെയർമാനായി അഹമ്മദ് മുല്ലാച്ചേരിയും എക്സിക്യൂട്ടീവ് ഡയറക്ടർമാരായി ഡോ. അരുൺ ഉമ്മൻ , വിജയ് ആനന്ദ് എന്നിവരാണ് പുതുതായി കമ്പനിയിൽ സ്ഥാനമേറ്റെടുത്തത്. ഡോ. അരുൺ ഉമ്മൻ എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് മെഡിക്കൽ അഡ്വൈസറും വിജയ് ആനന്ദ് എക്സിക്യൂട്ടീവ് ഡയറക്ടറും ഗ്ലോബൽ ഹാപ്പിനസ് അംബാസഡറുമാണ്. എട്ട് വയസ്സിന് മുകളിൽ പ്രായമുള്ള ആർക്കും പാലന ആപ്പിന്റെ സേവനം സ്വീകരിക്കാനാവും.

## ജി എസ് ടി പരിഷ്കരണം ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് കൈമാറുമെന്ന് വിപ്രോ

**കൊച്ചി:** ഉൽപ്പന്ന വിഭാഗങ്ങളുടെ ജി.എസ്.ടി പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് കൈമാറുമെന്ന് വിപ്രോ ഫുഡ്സ് ബിസിനസ് പ്രഖ്യാപിച്ചു. നിറപറ, ബ്രാഹ്മിൻസ് തുടങ്ങിയ ബ്രാൻഡുകളിലൂടെ കേരളത്തിൽ ശക്തമായ സാന്നിധ്യമുള്ള ഇന്ത്യയിലെ മുൻനിര എഫ്എംസിജി കമ്പനികളിലൊന്നായ വിപ്രോ കൺസ്യൂമർ കെയർ ആന്റ് ലൈറ്റിംഗിന്റെ ഭാഗമാണ് വിപ്രോ ഫുഡ്സ് ബിസിനസ്.

ജി.എസ്.ടി പരിഷ്കാരങ്ങൾ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ മെച്ചപ്പെട്ട ഉപഭോക്തൃ ആവശ്യകതയ്ക്ക് ശക്തമായ ഒരു സഹായിയായി വർത്തിക്കുമെന്ന് കമ്പനി വിലയിരുത്തി. ഇത് ചെലവ് കുറക്കുകയും കുടുംബങ്ങൾക്ക് കൂടുതൽ വരുമാനം നൽകുകയും ചെയ്യും. ഈ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് കൈമാറാൻ പ്രതിജ്ഞാബദ്ധരാണെന്ന് വിപ്രോ ഫുഡ്സ് ബിസിനസിലെ നിറപറ ആന്റ് ബ്രാഹ്മിൺസ് ബിസിനസ് ഹെഡ് സണ്ണി തോമസ് പറഞ്ഞു.




# തോട്ടം മേഖലയിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണം: അജോയ് തിപ്പയ്യ

**കൊച്ചി:** തോട്ടം മേഖല കൂടുതൽ മത്സരക്ഷമമാകണമെന്നും ഉപഭോക്തൃ താൽപര്യത്തിനനുസൃതമായി സുസ്ഥിരതയും ഗുണമേൻമയും ഉറപ്പാക്കണമെന്നും ഉപാസി പ്രസിഡന്റ് അജോയ് തിപ്പയ്യ. അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരളയുടെ (എപികെ) വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തോട്ടം മേഖലയിൽ വിവര സങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. ക്ലൈമറ്റ് സ്മാർട്ട് അഗ്രികൾച്ചറിനായി മണ്ണിന്റെ ആരോഗ്യം, ജലസംരക്ഷണം, ജൈവ വൈവിധ്യം, പുനരുപയോഗ ഊർജം എന്നിവയിൽ നിക്ഷേപിച്ചാൽ മികച്ച മോഡലുകൾ സാധ്യമാക്കാൻ കഴിയും. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം അടിസ്ഥാന സൗകര്യ സർക്യൂട്ട് സാധ്യമാക്കിയാൽ അനന്തസാധ്യതകളുണ്ടാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാ വ്യതിയാനവും വർധിച്ചുവരുന്ന ചെലവുകളും വിപണിയിലെ ചാഞ്ചാട്ടവും തോട്ടം മേഖലയ്ക്ക് കനത്ത വെല്ലുവിളിയാണെന്ന് എപികെ ചെയർമാൻ പ്രിൻസ് തോമസ് ജോർജ് പറഞ്ഞു. നയങ്ങളിലെ വ്യക്തതക്കുറവും തോട്ടം മേഖലയുടെ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയുയർത്തുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തേയിലയുടെ ഉൽപ്പാദനം 8.42% കുറഞ്ഞ് 58.38 ദശലക്ഷം കിലോഗ്രാമായി. കേരളം 647,500 ടൺ സ്വാഭാവിക റബ്ബർ ഉൽപ്പാദിപ്പിച്ചതിലൂടെ ദേശീയ ഉൽപ്പാദനത്തിന്റെ 74% വിഹിതം നിലനിർത്താൻ കഴിഞ്ഞു. വില കിലോയ്ക്ക് 199.85 രൂപ എന്ന ശരാശരിയിലെത്തി.വർഷങ്ങൾക്കിടയിലെ ഏറ്റവും മികച്ച വിലയാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എപികെ നിയുക്ത ചെയർമാൻ ടി. ആർ രാധാകൃഷ്ണൻ, പ്രസംഗിച്ചു.

# മൂന്ന് മാസത്തിനിടെ തീർപ്പാക്കിയത് 406.89 കോടിയുടെ ഡെത്ത് ക്ലെയിമുകൾ

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 2025 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ തീർപ്പാക്കിയത് 406.89 കോടിയുടെ ഡെത്ത് ക്ലെയിമുകൾ. 99.60 ശതമാനം എന്ന ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്തിയ കമ്പനി, ഇൻഷുറൻസ് മേഖലയിലെ ഏറ്റവും ഉയർന്ന നിരക്ക് കൂടി ഇതോടൊപ്പം കുറിച്ചു. പ്രത്യേകിച്ച് അന്വേഷണം ആവശ്യമില്ലാത്ത ഡെത്ത് ക്ലെയിമുകൾ തീർപ്പാക്കാൻ കമ്പനി ശരാശരി 1.1 ദിവസം മാത്രമാണ് എടുത്തതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമിഷ് ബാങ്കർ പറഞ്ഞു. ഡേറ്റാ അനലിറ്റിക്സും എഐ, എംഎൽ തുടങ്ങിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് ക്ലെയിമുകൾ വേഗത്തിലും കാര്യക്ഷമമായും കൈകാര്യം ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷം ഒരു ദിവസത്തിനുള്ളിൽ അർഹതയുള്ള എല്ലാ ക്ലെയിമുകളും തീർപ്പാക്കുമെന്ന് ക്ലെയിം ഫോർ ഷുവർ എന്ന സേവന പദ്ധതിയുടെ ഭാഗമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഉറപ്പ് നൽകുന്നു. 2026 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഈ പദ്ധതിയിലൂടെ 74.72 കോടി രൂപയുടെ ക്ലെയിമുകളാണ് കമ്പനി തീർപ്പാക്കിയത്.

# സിഗ്നിഫൈ ഫിലിപ്സ് ലൈറ്റ്തിയേറ്റർ പുറത്തിറക്കി



**കൊച്ചി:** സിഗ്നിഫൈ ഫിലിപ്സ് ലൈറ്റ്തിയേറ്റർ പുറത്തിറക്കി. ഈ നൂതന സംവിധാനം ഡൈനാമിക് ലൈറ്റിംഗിനെ വിഷ്വൽ, ഓഡിയോ ഉള്ളടക്കവുമായി പരിധികളില്ലാതെ സംയോജിപ്പിച്ചുകൊണ്ട് സിനിമകൾ, സംഗീതം, ഗെയിമിംഗ് എന്നിവയെ കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി

# ഫാസ്റ്റ്ട്രാക്ക് യുഎഫ്ഒ കളക്ഷൻ വാച്ചുകൾ അവതരിപ്പിച്ചു



**കൊച്ചി:** പുതിയ വാച്ചുകളുടെ ശേഖരമായ അൺഐഡന്റിറ്റിഫൈഡ് ഫാഷൻ ഒബ്ജക്റ്റ് യുഎഫ്ഒ ഫാസ്റ്റ്ട്രാക്ക് പുറത്തിറക്കി. ബഹിരാകാശയാത്രികരുടെ ഉപകരണങ്ങളും സയൻസ് ഫിക്ഷൻ സിനിമകളും മുതൽ ബഹിരാകാശ വിചിത്രതകൾ വരെയുള്ള പ്രപഞ്ചത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്തവയാണ് യുഎഫ്ഒ വാച്ച് ശേഖരം. യുഎഫ്ഒ ശ്രേണിയിലെ എല്ലാ വാച്ചുകളും ബഹിരാകാശ യാത്രികന്റെ ഹെൽമെറ്റിന്റെ ആകൃതിയിലുള്ള കെയ്സിലാണ് വരുന്നത്. ഓരോ വാച്ചിനെയും അമൂല്യ കലാരൂപമാക്കുന്ന കോസ്മിക് വിശദാംശങ്ങളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തികച്ചും വ്യത്യസ്തവും രൂപകൽപ്പനയുടെ നിയമങ്ങൾ തന്നെ ലംഘിക്കുന്നവയുമാണ് യുഎഫ്ഒ വാച്ചുകൾ. യുഎഫ്ഒ കളക്ഷനിലൂടെ, പ്രപഞ്ചത്തിന്റെ ആവേശം ഉപയോക്താക്കളുടെ കൈത്തണ്ടയിലേക്ക് കൊണ്ടുവരാനാണ് ഫാസ്റ്റ്ട്രാക്ക് ആഗ്രഹിക്കുന്നതെന്ന് ഫാസ്റ്റ്ട്രാക്ക് വാച്ചസിന്റെ മാർക്കറ്റിംഗ് മേധാവി ഡാനി ജേക്കബ് പറഞ്ഞു. ഓരോ വാച്ചിലും ബഹിരാകാശയാത്രികരിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഘടകങ്ങളും സയൻസ് ഫിക്ഷൻ വിശദാംശങ്ങളും ഉൾക്കൊള്ളുന്നു. ഇത് യുവാക്കൾക്ക് സ്വയം പ്രകടിപ്പിക്കാനുള്ള ധീരവും വ്യതിരിക്തവുമായ ഒരു മാർഗമാണ്. സ്റ്റൈലിനെ മറ്റൊരു തലത്തിലേക്ക് എത്തിക്കുന്ന ഫാസ്റ്റ്ട്രാക്ക് ഉൽപ്പന്നമാണ് യുഎഫ്ഒ കളക്ഷനിലെ വാച്ചുകളെന്നും അദ്ദേഹം പറഞ്ഞു. 5,995 രൂപ മുതൽ 6,895 രൂപ വരെയാണ് യുഎഫ്ഒ കളക്ഷനിലെ വാച്ചുകളുടെ വില. ഫാസ്റ്റ്ട്രാക്ക് സ്റ്റോറുകൾ, ടൈറ്റൻ വേൾഡ്, അംഗീകൃത ഡീലർമാർ, എന്നിവിടങ്ങളിലും ഓൺലൈനായി www.fastrack.in എന്ന വെബ്സൈറ്റിലും യുഎഫ്ഒ കളക്ഷൻ വാച്ചുകൾ ലഭ്യമാണ്.

## ബോബ് ഇ-പേ ആപ്പിൽ ഇറുപി പി2പി ഗിഫ്റ്റിങ് അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** രാജ്യത്തെ മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ തങ്ങളുടെ ബോബ് ഇ-പേ യുപിഐ ആപ്പിലൂടെ വ്യക്തികൾക്കിടയിലെ ഇ-റുപി ഡിജിറ്റൽ ഗിഫ്റ്റിങ് സേവനം ലഭ്യമാക്കി. നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഇ-റുപി പ്ലാറ്റ് ഫോം വഴിയാണ് ഉപഭോക്താക്കൾക്ക് വ്യക്തിഗതവും നിർദിഷ്ട ആവശ്യങ്ങൾക്കായുമുള്ള ഡിജിറ്റൽ ഗിഫ്റ്റുകൾ ലഭ്യമാക്കുന്നത്. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവർക്കായുള്ള ഈ പ്രീ-പെയ്ഡ് ഡിജിറ്റൽ വൗച്ചറുകൾ മുഖേന യുപിഐ പേമെന്റുകൾ വിപുലവും കൂടുതൽ ആകർഷകവുമാക്കുന്നു. വിവിധ യുപിഐ സംവിധാനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുന്ന വിധത്തിലാണ് ഈ സേവനം. വിവിധ വിഭാഗങ്ങളിലെ സേവനങ്ങൾക്കും ഉൽപന്നങ്ങൾക്കും വേണ്ടി ഉപയോഗിക്കാവുന്ന ലളിതവും സുരക്ഷിതവും ക്യാഷ്ലെസ്സ് ആയതുമായ പണമടക്കൽ സംവിധാനമാണ് ഇറുപി പി2പി ഡിജിറ്റൽ വൗച്ചർ. ഫുഡ് വിഭാഗത്തിനു മാത്രമായി തുടക്കത്തിൽ അവതരിപ്പിച്ച ഇത് കൂടുതൽ വിഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഇപ്പോൾ വിപുലമാക്കി. യുപിഐ സംവിധാനമുള്ള കച്ചവടക്കാരുടെ പക്കൽ ഈ വൗച്ചറുകൾ ലളിതമായി റിഡീം ചെയ്യാമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. ഉപഭോക്താക്കൾക്ക് ഒരു രൂപ മുതൽ 10,000 രൂപ വരെയുള്ള വൗച്ചറുകൾ നൽകാനാവും. ഈ വൗച്ചറുകൾ കൈമാറ്റം ചെയ്യാനാവാത്തതായിരിക്കും. നിശ്ചിത കാലാവധിക്കുള്ളിൽ ഇവ റിഡീം ചെയ്തില്ലെങ്കിൽ നൽകിയ ആൾക്കു ഓട്ടോമാറ്റിക് ആയി പണം തിരികെ പോകുകയും ചെയ്യുമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

